

# വിശുദ്ധ ഖുര്‍ആന്‍

കാരുണ്യവാരിധി, ദയാപരനല്ലാവിന്‍
നാമത്തില്‍ നിശ്ശങ്കമോതുന്നീ സൂക്തങ്ങള്‍
അലിഫില്‍ തുടങ്ങിഞാന്‍ ലാമിലൂടങ്ങനെ-
മീമിലോട്ടെത്തുമ്പോള്‍ നിസ്തുലനാവുന്നു
ഭാഷാ പ്രയോഗങ്ങള്‍ വായനാരീതിയും
ചോദ്യങ്ങള്‍ ചോദിച്ചുദാഹരിച്ചങ്ങനെ
ചോദ്യങ്ങള്‍ക്കുത്തരമോരോന്നു ചൊല്ലിയും
സത്യത്തിന്‍ പൊന്‍പാതയേതെന്ന് കാട്ടിയും
സത്യനിഷേധിയെ താക്കീതുനല്‍കിയും
നേരിന്റെ തേരു തെളിക്കുന്നീ ഖുര്‍ആന്‍.
അഛനോ അമ്മയോ അല്ലെങ്കിലിരുവരും
വൃദ്ധരായവശരായ് നിന്‍ ചാരെയെത്തുകില്‍
ചൊല്ലല്ലേ 'ഛെ' എന്നു പോലുമേ കുട്ടരേ
വിനയത്തിന്‍ ചിറകുകള്‍ താഴ്ത്തിയിട്ടന്നേരം
വിനീത വിധേയനായ് ഓര്‍ക്കണം ശൈശവം.
കഥകളായ് കാലത്തിന്‍ ബാക്കിപത്രങ്ങളെ
കഥകെട്ടുപോയതാം ജനസഞ്ചയങ്ങളെ
കാലത്തെ സത്യം ചെയ്തോതുന്നീ ഖുര്‍ആന്‍
സത്യവിശ്വാസിയായ് സല്‍കര്‍മ കാമിയായല്ലാതെ
സന്‍മാര്‍ഗപാതയില്‍ വിജയം ഭവിക്കില്ല.
അന്യായമനാഥന്റെ മുതലുകള്‍ തിന്നുകില്‍
അഗ്നിയായ് കത്തിയുരുകുമടിവയര്‍
മിഥ്യാവിചാരങ്ങള്‍ പുല്‍കും മനസ്സിനെ
സത്യ പാന്ഥാവില്‍ നടത്തുമീ ഖുര്‍ആന്‍.
ശങ്കിച്ചു നില്‍ക്കും ജനത്തോടുരക്കുന്നു
ശങ്കവേണ്ടൊട്ടുമീ ഖുര്‍ആന്റെ ശക്തിയില്‍
ഊതിക്കെടുത്തുവാനാവില്ല നിശ്ചയം
ഊക്കോടെ എത്ര ശ്രമിക്കിലും ദുര്‍ജനം.
നമ്മയെ പ്രണയിച്ചു പുല്‍കിപ്പുണരുവാന്‍
നന്മതന്‍ സഹയാത്രികരായ് ജീവിക്കുവാന്‍
നമ്മോടടിക്കടി ബോധനം ചെയ്യുന്നു
നന്മതന്‍ ഉജ്വല ജ്യോതിയായീ ഖുര്‍ആന്‍.
അല്ലാഹു കാക്കുമീ ദൃഷ്ടാന്ത വിസ്മയം
അവസാന മര്‍ത്യനും നേരിന്റെ മാര്‍ഗമായ്
കാരുണ്യവാരിധീ ദയാപരനല്ലാവിന്‍
നാമത്തില്‍ നിശ്ശങ്കമോതുന്നീ സൂക്തങ്ങള്‍.

**അശ്റഫ് ബഷീര്‍**
**ഉളിയില്‍**

# ആത്മവിലാപം

റസാഖ് എടവനക്കാട്

ഞെട്ടറ്റു
വീണ–
കിനാക്കൾ–
കാണാ–
നെത്ര–
നാളുറങ്ങി
തീർത്തു
നാം
പാരിൽ.

ഞെട്ടറ്റു–
വീഴാ–
ത്തിട–
ത്തിനാ–
യെത്ര–
നാളുറങ്ങാ–
തിരുന്നു–
നാം
രാവിൽ.